**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4869

26.06.2019-ൽ മറുപടിക്ക്

**കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷ**

| ചോദ്യം<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | മറുപടി<br>ഡോ. കെ. ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷകൾ വർഷത്തിൽ എത്ര തവണയാണ് നടത്താറുള്ളതെന്ന് വ്യക്തമാക്കുമോ; | (എ), വർഷത്തിൽ രണ്ടു പ്രാവശ്യം കെ.ജി.റ്റി.ഇ. പരീക്ഷ നടത്താറുണ്ട്. |
| (ബി) എല്ലാ വർഷവും ജൂലൈ, ഡിസംബർ മാസങ്ങളിൽ നടത്തേണ്ട ടൈപ്പ്റൈറ്റിംഗ് പരീക്ഷകൾ 2017, 2018 വർഷങ്ങളിൽ ഏത് മാസങ്ങളിലാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) 2017 ജനുവരി, നവംബർ മാസങ്ങളിൽ നടത്തി. 2018 ജൂലൈ മാസത്തെ പരീക്ഷ പ്രളയം മൂലം സെപ്റ്റംബർ മാസത്തിൽ നടത്തി. ആയതിനാൽ ഡിസംബറിൽ പരീക്ഷ നടത്താൻ കഴിഞ്ഞില്ല. |
| (സി) സമയബന്ധിതമായി പരിക്ഷ നടത്താത്തത് കാരണം ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മതിയായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുമോ; | (സി) 2018 ൽ പ്രളയം കാരണമാണ് കെ.ജി.റ്റി.ഇ. പരീക്ഷ ഒറ്റ പ്രാവശ്യമായി നടത്തിയത്. അതിനു മുമ്പുള്ള വർഷം 2 തവണ നടത്തിയിട്ടുണ്ട്. പ്രത്യേക സാഹചര്യമായിരുന്നതിനാൽ ഇക്കാര്യത്തിൽ മാർഗ്ഗ നിർദേശം പുറപ്പെടുവിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഡി) കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആന്റ് വേഡ് പ്രോസസിംഗ് പരീക്ഷകളുടെ സിലബസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) സിലബസ് പുതുക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.